"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഹെഡ് മാറി അടവാക്കിയത് - റീഫണ്ട് അനുവദിച്ച്- ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.996/2022/LSGD തീയതി,തിരുവനന്തപുരം, 21-04-2022

---

പരാമർശം:-
1. ചെമ്മരുതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06.03.2021-ലെ A1-926/21 നം.കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 26.04.2021,07.12.2021 എന്നീ തീയതികളിലെ PAN/5483/2021-H4 നം.കത്ത്.
3. 20.09.2021-ലെ ഇപിഎ3/70/2021 /തസ്വഭവ നം. സർക്കാർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ 2020 നവംബർ, 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലെ എൻ .പി.എസ് തുകയായ 87,768/- രൂപ വർക്കല സബ് ട്രഷറി മുഖാന്തരം പഞ്ചായത്ത് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് അടവാക്കുന്നതിനു പകരം തെറ്റായി കെ.എസ്.ആർ ഭാഗം 3 ബാധകമായ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്ന 0071-01-101-97 എന്ന ഹെഡിലേക്ക് ഒടുക്കിയിരുന്നു. സർക്കാർ ഹെഡിലേക്ക് ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമുള്ളതിനാൽ പരാമർ ശം (1) പ്രകാരം ചെമ്മരുതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുള്ള അപേക്ഷയും അനുബന്ധങ്ങളും അനന്തര നടപടികൾക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും '0071-01-101-97' എന്ന ശീർഷകത്തിന്റെ എസ്റ്റിമേറ്റിംഗ് അതോറിറ്റി അക്കൗണ്ടന്റ് ജനറലായ സാഹചര്യത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ 0071-01-101-97 എന്ന ശീർഷകത്തിൽ അടവാക്കിയ 87,768/- രൂപ, കേരള ട്രഷറി കോഡ്, വാല്യം-1,ചട്ടം 200-ലെ നടപടിക്രമം പ്രകാരം അതേ ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ റീഫണ്ടു മാസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർ പ്പിക്കുന്നതിനും പ്രസ്തുത റീഫണ്ടു നടപടികൾ സ്വീകരിക്കുന്നതിനായി BiMS കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ഡി.ഒ യെ പ്രസ്തുത ചുമതല ഏൽപ്പിക്കുന്നതിന്

പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,ചെമ്മരുതി ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

ധനകാര്യ വകുപ്പ് (1803725/ഡെവ-1/149/2021-ധന11.08.2021,22.03.2022 )

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഇപിഎ3/70/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 21-04-2022 15:21:35**

സെക്ഷൻ ഓഫീസർ